**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2040** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഡി. ജെ. പാർട്ടികളിൽ പോലീസ് നിരീക്ഷണം ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടക്കുന്ന ഡി.ജെ. പാർട്ടികളിൽ വ്യാപകമായി മദ്യവും മയക്കുമരുന്നും ഉപയോഗിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നടക്കുന്ന ഡി.ജെ പാർട്ടികളിൽ വ്യാപകമായി മദ്യവും മയക്കുമരുന്നും ഉപയോഗിച്ച് വരുന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | ഇത്തരം പാർട്ടികളിൽ പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഡി.ജെ പാർട്ടികൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, അത്തരം പാർട്ടികൾ നടത്തുന്ന സ്ഥലത്ത്, ശക്തമായ പോലീസ് പരിശോധനയും, നിരീക്ഷണവും ഏർപ്പെടുത്തി വരുന്നു. ഡി.ജെ പാർട്ടി നടക്കുന്ന വിവരം സംഘാടകർ മുൻകൂട്ടി അറിയിക്കണമെന്നും, മദ്യവും, മയക്കുമരുന്നും ഉപയോഗിക്കരുതെന്നും, സംഘാടകരുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കണമെന്നും ഡി.ജെ പാർട്ടി നടക്കുന്നയിടങ്ങളിൽ സംഘാടകർക്ക് പോലീസ് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഡി.ജെ. പാർട്ടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ നടത്തിവരുന്ന ഡി.ജെ പാർട്ടികളിലെ ലഹരി ഉപയോഗമടക്കമുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയേണ്ടത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ലഭിച്ച റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ടൂറിസം വകുപ്പ് സെക്രട്ടറിക്ക് നിർദേശം നൽകുകയും ടൂറിസം വകുപ്പ് സെക്രട്ടറി 20.12.2022 ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.<br><br>1) ഡി.ജെ പാർട്ടിക്ക് ആതിഥേയത്വം വഹിക്കുന്ന ഹോട്ടലുകളും റെസ്റ്റോറൻ്റുകളും DJ പാർട്ടി നടത്തുന്നതിന് 24 മണിക്കൂറിന് മുമ്പ് പാർട്ടി നടത്തുന്നവരുടെയോ / പാർട്ടിക്ക് ബുക്ക് |

| | | | |
|---|---|---|---|
| | | | ചെയ്യവരുടെയോ പേരും അഡ്രസ്സും (നിശ്ചിത ID പ്രൂഫ് സഹിതം) അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനിലും എക്സൈസ് റേഞ്ച് ഓഫീസിലും ഇ-മെയിൽ മുഖേന മാത്രം അറിയിക്കേണ്ടതാണ്.<br><br>2) ഹോട്ടലുകളും റെസ്റ്റോറൻറുകളും സ്വന്തമായി DJ പാർട്ടി നടത്തുന്ന പക്ഷം DJ പാർട്ടി നടത്തുന്നതിനുള്ള ഉത്തരവാദിത്തം മാനേജരുടെ പേരിലോ അല്ലെങ്കിൽ ഹോട്ടലിലെ പേ റോളിൽ ഉള്ള ജീവനക്കാരൻ്റെ പേരിലോ നിക്ഷിപ്തമാക്കേണ്ടതും പ്രസ്തുത വിവരം മേൽ വിവരിച്ച പ്രകാരം ഇ-മെയിൽ മുഖേന മാത്രം അറിയിക്കേണ്ടതുമാണ് . DJ പാർട്ടി നടക്കുന്നയിടങ്ങളിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നത് തടയുന്നതിനായി മുൻകൂട്ടി അറിയിക്കാതെ പരിശോധിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നത്.<br><br>3) ആഡംബര ഹോട്ടലുകളുടെ പരിസരങ്ങളിൽ നിന്നും മയക്കുമരുന്ന് പിടിച്ചെടുത്താൽ പ്രസ്തുത ഹോട്ടലുകൾക്കെതിരെ കർശന നടപടി എടുക്കുമെന്ന മുന്നറിയിപ്പ് എക്സൈസും കസ്റ്റംസ് വകുപ്പും നൽകേണ്ടതാണ്.<br><br>4) ലഹരികടത്ത് നടത്തുന്നവരും കരിമ്പട്ടികയിൽപ്പെട്ടവരും DJ പാർട്ടികളിൽ പങ്കെടുക്കുന്നത് തടയാനായി ഇത്തരക്കാരുടെ വിവരങ്ങൾ പാർട്ടി സംഘാടകർക്കും / ഹോട്ടലുടമകൾക്കും നൽകേണ്ടതും ഇത്തരക്കാർ ഒഴിവാക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.<br><br>കൂടാതെ DJ പാർട്ടി നടത്തുന്നത് സംബന്ധിച്ച് ഒരു പൊതു മാനദണ്ഡം നിശ്ചയിക്കുന്നതിലേക്കായി ബന്ധപ്പെട്ടവരുടെ യോഗം അടിയന്തിരമായി വിളിച്ച് ചേർക്കാനും പ്രസ്തുത യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയുണ്ടായി. |

സെക്ഷൻ ഓഫീസർ